LIBRARY ARCHIVES Kerala Legislative Assembly

ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ പണികഴിപ്പിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം

94 [3241] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ പണികഴിപ്പിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച വിവാദങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കെട്ടിടത്തിന്റെ പണി എന്നാണ് ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടത്തിന് ഇതുവരെ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ;

(ഡി) കെട്ടിടം പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിർമ്മാണം നിർത്തിവച്ചിരിക്കുന്നത് സംബന്ധിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവാദങ്ങൾ ഉള്ളതായി അറിയില്ല.

(ബി) 9/98-ൽ ഭരണാനുമതി നൽകുകയും ഉടനെതന്നെ പണി ആരംഭിക്കുകയും ചെയ്തു.

(സി) 1,91,64,674 രൂപ.

(ഡി) പ്രസ്തുത മന്ദിരത്തിന്റെ ഭാവി പ്രവർത്തനം ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു. സംയുക്ത സംരംഭമായി നടത്താൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. പദ്ധതിയുടെ പൂർത്തീകരണം ഇതിനെ ആശ്രയിച്ചിരിക്കും.

(ഇ) മുംബൈയിലെത്തുന്ന സംസ്ഥാന മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും മലയാളികൾക്കും താമസ സൗകര്യം ഒരുക്കുകയാണ് ലക്ഷ്യം.

വാഹനങ്ങൾ അനധികൃതമായി ഉപയോഗിച്ച ഗസ്റ്റ് ഹൗസുകളിലെ മാനേജർമാർക്കെതിരെ നടപടി

95 [3242] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗസ്റ്റ് ഹൗസുകളിലെ മാനേജർമാരിൽ ആരെങ്കിലും മേലധികാരികളുടെ അനുവാദമില്ലാതെ അനധികൃതമായി സ്റ്റേറ്റ് കാർ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഗസ്റ്റ് ഹൗസ് മാനേജർമാരാണ് ഇപ്രകാരം സ്റ്റേറ്റ് കാർ അനധികൃതമായി ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) ഇതിനുവേണ്ടി ചെലവായ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ഗസ്റ്റ് ഹൗസ് മാനേജർ (ഇൻ-ചാർജ്ജ്).

(സി) നിയമാനുസൃതം നടപടി എടുക്കുന്നതാണ്.

എറണാകുളത്തെ ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാത്രം വാഹനങ്ങൾ വാടകയ്ക്ക് എടുത്ത നടപടി

96 [3243] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് കാറുകളും ബസ്സും ഉൾപ്പെടെ വിനോദസഞ്ചാര വകുപ്പിന് ആവശ്യമായ എല്ലാ വാഹനങ്ങളും എറണാകുളത്തെ ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാത്രം വാടകയ്ക്ക് എടുക്കാൻ സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വർഷത്തേക്കാണ്;

(സി) ഏത് സ്ഥാപനത്തിനാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള എല്ലാ ഗസ്റ്റ് ഹൗസുകൾക്കും ഈ ഉത്തരവ് ബാധകമാക്കിയിട്ടുണ്ടോ;

(ഇ) ടൂറിസം വകുപ്പിന്റെ ഈ ഉത്തരവ് സർക്കാരിന് സാമ്പത്തിക ലാഭം ഉണ്ടാക്കുന്നതാണോ;

(എഫ്) എങ്കിൽ ഒരു വർഷം എത്ര രൂപയുടെ ലാഭമാണ് പ്രതീക്ഷിക്കുന്നത്;

(ജി) ജില്ലകളിലെ ആവശ്യങ്ങൾക്ക് അതാത് ജില്ലകളിൽനിന്നും വാഹനങ്ങൾ വാടകയ്ക്ക് എടുത്ത വകയിൽ എത്ര രൂപയാണ് ടൂറിസം വകുപ്പിന് 2002-03 സാമ്പത്തിക വർഷത്തിൽ ചെലവായത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(എച്ച്) പ്രസ്തുത ഉത്തരവുമൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) ഗവൺമെന്റിന്റെ ഉത്തരവുപ്രകാരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) രണ്ടു വർഷത്തേക്ക്.

(സി) എ.ടി.എസ്. കാർസ്, കൊച്ചിൻ

LIBRARY ARCHIVES Kerala Legislative Assembly